തൊട്ടിൽപ്പാലം പുതുക്കിപ്പണിയാൻ നടപടി

1385. [1975] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു കൊല്ലമായി അപകടാവസ്ഥയിൽ ആയിട്ടുള്ള തൊട്ടിൽപാലത്തെ കുണ്ടുതോടുമുള്ളൻകുന്ന് റോഡിലെ തൊട്ടിൽപ്പാലം പുതുക്കിപണിയാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) അപകടാവസ്ഥയിലായിട്ടുള്ള പ്രസ്തുത പാലത്തിന്റെ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എയും, ബിയും) അപകടാവസ്ഥയിലായിരുന്ന തൊട്ടിൽപ്പാലത്തിനു വേണ്ട അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തിയിട്ടുണ്ട്, പാലം ഇപ്പോൾ അപകടാവസ്ഥയിലല്ല.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പാലങ്ങൾ

1386. [1977] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ താഴെ പറയുന്ന പാലങ്ങളുടെ പണി എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ?

1. കണ്ണംചിന്നംപാലം
2. മുഴിക്കൽ ചെറുവറ്റ പാലം
3. പണ്ടാരക്കടവുപാലം
4. കുറുങ്ങാട് കടവു പാലം
5. കൂളിമാട് ഇരുവഞ്ഞിപുഴയ്ക്കുള്ള പാലം
6. മുതലക്കടവ് പാലം
7. മാവൂരും വാഴക്കാടുമായി ബന്ധിപ്പിക്കുന്ന പാലം

ഉത്തരം

1 & 2. പാലം പണിക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

3. പാലത്തിന്റെ ഡിസൈൻ പൂർത്തിയായിവരുന്നു.

4. ഈ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരുന്നു.

5. ഈ പാലത്തിന്റെ പണിക്ക് ഇൻവെസ്റ്റിഗേഷൻ ജോലി നടന്നുകൊണ്ടിരിക്കുകയാണ്.

6 & 7. ആറും ഏഴും ഇനങ്ങൾ ഒന്നുതന്നെയാണ്. സാമ്പത്തിക പരിമിതികൾ കാരണം സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും പണം കടം എടുത്ത് ഈ പാലങ്ങൾ പണിയുവാൻ കഴിയുമോ എന്നു പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly